ജമാഅത്തെ ഇസ്‌ലാമി ചരിത്രത്തെ നയിച്ച വിധം-3

# ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സംരക്ഷണത്തിന്

ലേഖനം ●
സദ്റുദ്ദീൻ വാഴക്കാട്

**ഇന്ത്യയുടെ** ശക്തിയും സൗന്ദര്യവുമാണ് ജനാധിപത്യം. ലോക രാഷ്ട്രങ്ങൾക്കിടയിൽ നമുക്ക് സവിശേഷ സ്ഥാനം നൽകുന്ന വിശേഷണം, 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം' എന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യം, പൗരാവകാശങ്ങൾ, ഭരണാധികാരികളെ തീരുമാനിക്കാനുള്ള അധികാരം, എല്ലാ പൗരന്മാർക്കും വോട്ടവകാശമുള്ള തെരഞ്ഞെടുപ്പ്, മാറി മാറിവരുന്ന ഭരണാധികാരികൾ തുടങ്ങിയവയെല്ലാം ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്വത്തിന് മാറ്റു കൂട്ടുന്നു.

ഇന്ത്യയിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനം തകരുകയോ തളരുകയോ ചെയ്യാതെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. നമ്മുടെ ജനാധിപത്യത്തെ അറുകൊല ചെയ്ത അടിയന്താരവസ്ഥക്കെതിരെ 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ ജമാഅത്ത് പ്രവർത്തകർ ശക്തമായി പ്രതികരിച്ചതും ഇന്ദിരാഗാന്ധിയെ അധികാരത്തിൽനിന്ന് താഴെയിറക്കുന്നതിൽ പങ്കാളികളായതും അതുകൊണ്ടാണ്. പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ട അടിയന്തരാവസ്ഥക്കാലത്ത് ജമാഅത്തെ ഇസ്‌ലാമിയും നിരോധിക്കപ്പെട്ടിരുന്നു. സംഘടന പ്രവർത്തന രംഗത്തില്ലാതിരുന്നിട്ടും ജമാഅത്ത് പ്രവർത്തകർ 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ ജനാധിപത്യ പുനഃസ്ഥാപനത്തിന് ലഭിച്ച അവസരം ഉപയോഗിക്കുകയും ഇന്ദിരാ ഭരണത്തിനെതിരെ പ്രചാരണം നടത്തുകയും വോട്ടവകാശം വിനിയോഗിക്കുകയും ചെയ്തു. അന്ന് പാർലമെന്റ് തെര



ഞ്ഞെടുപ്പിനോടൊപ്പം കേരള നിയമസഭാ തെരഞ്ഞെടുപ്പും നടന്നിരുന്നു. ആദ്യഫലമറിഞ്ഞത് നിയമസഭാ തെരഞ്ഞെടുപ്പിന്റേതാണ്. വിജയിച്ചത്, കരുണാകരന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മുന്നണിയും. കോൺഗ്രസുകാർ നടത്തിയ ആഹ്ലാദ പ്രകടനങ്ങളിൽ, ജമാഅത്തെ ഇസ്‌ലാമിക്കെതിരെയും മുദ്രാവാക്യങ്ങൾ വിളിക്കുകയും ചില സ്ഥലങ്ങളിൽ ജമാഅത്ത് പ്രവർത്തകർക്ക് നേരെ കൈയേറ്റങ്ങൾ നടത്തുകയും ചെയ്തിരുന്നു. തെരഞ്ഞെടുപ്പിൽ ജമാഅത്ത് കോൺഗ്രസ്സിനെതിരെ പ്രവർത്തിച്ചതിന്റെ വിദ്വേഷമായിരുന്നു കാരണം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ദിര തോറ്റ വിവരം പുറത്തുവന്നത് പിന്നീടാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഇന്ദിരാഗാന്ധിക്ക് വേണ്ടി പ്രാർഥിച്ച മതപണ്ഡിതന്മാരും സംഘടനാ നേതാക്കളും കേരളത്തിലുണ്ടായിരുന്നുവെന്ന് അറിയുമ്പോഴാണ്, ജമാഅത്തെ ഇസ്‌ലാമിയുടെ ഇടപെടലിന്റെ പ്രാധാന്യം മനസ്സിലാവുക.

പാർലമെന്റും നിയമസഭകളുമാണ് നമ്മുടെ ജനാധിപത്യ വ്യവസ്ഥയുടെ കരുത്ത്. അവയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ നീതിനിഷ്ഠയും മൂല്യബോധവും രാജ്യ സേവന സന്നദ്ധതയും ജനാധിത്യത്തിന്റെ മാറ്റ് വർധിപ്പിക്കുന്നു. ഈ ഗുണങ്ങൾ ഇല്ലാത്തവർ പാർലമെന്റിലും നിയമസഭകളിലും എത്തിപ്പെടുകയും അത്തരക്കാരുടെ എണ്ണം വർധിക്കുകയും ചെയ്യുമ്പോൾ ജനാധിപത്യം ദുർബലമാകുന്നു. അടിയന്തരാവസ്ഥക്ക് ശേഷം, 1980-കളിൽ ഇന്ത്യൻ ജനാധിപത്യത്തെ ഇത്തരമൊരു ദൗർബല്യം പിടികൂടുകയുണ്ടായി. രാഷ്ട്രീയത്തിൽ കുറ്റവാളികൾ പെരുകിയപ്പോൾ, പാർലമെന്റിലും നിയമസഭകളിലും ക്രിമിനലുകൾ ധാരാളമായി കയറിപ്പറ്റാൻ തുടങ്ങി. അങ്ങനെയാണ് 'മൂല്യധിഷ്ഠിത രാഷ്ട്രീയം' എന്ന ചരിത്രപ്രധാനമായ മുദ്രാവാക്യം ജമാഅത്തെ ഇസ്‌ലാമി ഉയർത്തുന്നത്. 'കേവലം ഒരു മത സംഘടന' എന്ന് പലരും തെറ്റിദ്ധരിച്ച ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ രാഷ്ട്രീയത്തിൽ നടത്തിയ ക്രിയാത്മകമായ ഇടപെടലായിരുന്നു അത്. വർധിച്ച സ്വീകാര്യതയാണ് മൂല്യാധിഷ്ഠിത രാഷ്ട്രീയം എന്ന മുദ്രാവാക്യത്തിന് ലഭിച്ചത്. രാഷ്ട്രീയ പാർട്ടികളെ ഈ പ്രമേയം സ്വാധീനിക്കാതിരുന്നില്ല. പല രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥി നിർണയത്തിൽ ചില മാനദണ്ഡങ്ങൾ പാലിക്കാൻ നിർബന്ധിതമായതും, അറിയപ്പെടുന്ന പല ക്രിമിനലുകൾക്കും സീറ്റ് നിഷേധിച്ചതും ഇതിന്റെ ഫലമായിരുന്നു. 1980-കളിൽ ഇന്ത്യയിൽ, രാഷ്ട്രീയത്തിന്റെ മൂല്യവത്കരണം ഒരു പ്രധാന ചർച്ചാവിഷയമായിരുന്നു എന്നതുതന്നെ ജമാഅത്ത് ഉയർത്തിയ മുദ്രാവാക്യത്തിന്റെ വിജയമായിരുന്നു.

### മതേതരത്വത്തിന് കാവൽ

മതേതരത്വം, ബഹുസ്വര ഇന്ത്യയുടെ സുസ്ഥിരമായ നിലനിൽപിന്റെ ആധാരശിലയും നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനങ്ങളിലൊന്നുമാണ്. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല, ഏതെങ്കിലും ഒരു മതത്തിന് പ്രത്യേക പരിഗണനയില്ല, എല്ലാ മതക്കാരോടും തുല്യ സമീപനം സ്വീകരിക്കും, ഭിന്ന മതവിശ്വാസികൾക്കും മതനിഷേധികൾക്കും അവരവരുടെ വിശ്വാസങ്ങളും ആരാധനകളും ആചാരങ്ങളും നിലനിർത്താൻ പരിപൂർണ സ്വാതന്ത്ര്യവും സംരക്ഷണവും ഉണ്ടായിരിക്കും തുടങ്ങിയവയാണ് നമ്മുടെ മതേതരത്വം ഉദ്ഘോഷിക്കുന്നത്. മതമൈത്രി ഊട്ടിയുറപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന ഇന്ത്യൻ മതേതരത്വം മതവിരുദ്ധമല്ല. പാശ്ചാത്യൻ സെക്യുലറിസത്തിനാണ് മതവിരുദ്ധതയുള്ളത്.

മതനിരപേക്ഷതയും സാമുദായിക സൗഹാർദവും ഉദ്ഘോഷിക്കുന്ന ഇന്ത്യൻ മതേതരത്വം മഹത്തായ മൂല്യമാണെന്ന് ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നു. വൈവിധ്യപൂർണമായ വിശ്വാസ- ആചാരങ്ങൾ നിറഞ്ഞു നിൽക്കുന്ന ഇന്ത്യയുടെ സുഭദ്രമായ നിലനിൽപ് മതേതരത്വത്തിന്റെ ശക്തിയെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും പ്രസ്ഥാനം മനസിലാക്കുന്നു. അതുകൊണ്ട് മതേതരത്വം ദുർബലപ്പെടാതെ ശാക്തീകരിക്കാനും തകർക്കപ്പെടാതെ സംരക്ഷിക്കാനും ജമാഅത്തെ ഇസ്‌ലാമി പരിശ്രമിക്കുന്നു. മതേതരത്വത്തിനെതിരെ ഉയരുന്ന ഓരോ ഭീഷണിയെയും ചെറുത്ത് തോൽപിക്കുന്നു. രാജ്യനിവാസികളോടും അതിന് ആഹ്വാനം ചെയ്യുന്നു. മതേതരത്വം പ്രതിസന്ധിയിലകപ്പെട്ട ദശാസന്ധികളിലെല്ലാം ജമാഅത്തെ ഇസ്‌ലാമി നടത്തിയ ഇടപെടലുകൾ അതിന്റെ സാക്ഷ്യങ്ങളാണ്. വർഗീയത, സാമുദായിക ധ്രുവീകരണം, കലാപങ്ങൾ, തീവ്രവാദം തുടങ്ങിയവയെല്ലാം മതേതരത്വത്തെ ദുർബലപ്പെടുത്തും. അതുകൊണ്ടുതന്നെ ഭീഷണമായ ഇത്തരം സാമൂഹിക വിപത്തുകൾക്കെതിരെ പിൻമടക്കമില്ലാത്ത പോരാട്ടമാണ് ജമാഅത്തെ ഇസ്‌ലാമി നടത്തുന്നത്. വർഗീയതക്കും സാമുദായിക തീവ്രവാദത്തിനുമെതിരെ സൗഹാർദത്തിനും മതമൈത്രിക്കും വേണ്ടി, രൂപവത്കരണം മുതൽ ഇന്നുവരെ ജമാഅത്ത് നടത്തിയ ബഹുമുഖ പ്രവർത്തനങ്ങളുടെ നൈരന്തര്യം ഇന്ത്യൻ

മതേതരത്വത്തെ ശക്തിപ്പെടുത്താൻ പ്രസ്ഥാനം നൽകിയ സംഭാവനകളുടെ മഹത്വം അടയാളപ്പെടുത്തുന്നു.

1990കളിലാണ് ഇന്ത്യൻ മതേതരത്വം ഏറ്റവും വലിയ ഭീഷണി നേരിട്ടത്. വർഗീയ ഫാഷിസത്തിന്റെ രഥചക്രങ്ങൾ മതേതര ഇന്ത്യയുടെ നെഞ്ച് പിളർത്തി നമ്മുടെ തെരുവുകളിലൂടെ ഉരുണ്ട സന്ദർഭം. ബാബരി മസ്ജിദ് തകർത്തും വർഗീയ കലാപങ്ങൾ അഴിച്ചുവിട്ടും ഇവിടെ നിലനിന്നിരുന്ന മതസൗഹാർദത്തിന് സംഘ്പരിവാർ ആഴത്തിലുള്ള മുറിവേൽപിച്ചു. ബി.ജെ.പി ഭരണം കൈയടക്കിയതോടെ ഇന്ത്യൻ മതേതരത്വത്തിന്റെ ഭാവിയെക്കുറിച്ച ആശങ്കകൾ ശക്തമായി. ഇങ്ങനെ, ഒരു ഭാഗത്ത് രണോത്സുക വർഗീയ ഫാഷിസം ശക്തിപ്പെട്ടപ്പോൾ അതിനെ കായികമായി നേരിടണമെന്ന് വാദിക്കുന്ന സാമുദായിക തീവ്രവാദവും അങ്ങിങ്ങായി തലപൊക്കാതിരുന്നില്ല. മതേതരത്വം അപകടത്തിലായ ഈ ചരിത്ര സന്ധിയെ ഗുണകരമായി മറികടക്കാൻ ദീർഘദർശനത്തോടെയുള്ള പദ്ധതികളാണ് ജമാഅത്ത് നടപ്പിലാക്കിയത്.

**ഒന്ന്: മതേതരത്വത്തിന് സാമൂഹിക സംരക്ഷണം.** ബാബരി മസ്ജിദിന്റെ നശീകരണാനന്തര കാലം, പ്രതിവർഗീയതക്ക് അഥവാ സാമുദായിക തീവ്രവാദത്തിന് അനുകൂലമായ സാഹചര്യമായിരുന്നു. പക്ഷേ, വർഗീയ ഫാഷിസത്തെ പ്രതിരോധിക്കാൻ സാമുദായിക തീവ്രവാദം വേണമെന്ന വീക്ഷണത്തെ സൈദ്ധാന്തികമായും പ്രായോഗികമായും ജമാഅത്ത് ചെറുത്തു. 1940–കളിൽ പാകിസ്താൻ വാദമുയർത്തിയ തീവ്ര സാമുദായികതയെ ജമാഅത്തെ ഇസ്‌ലാമി നിരാകരിച്ചതിന്റെ തുടർച്ചയായിരുന്നു ഇത്. രണ്ട് ആപത്ഘട്ടങ്ങളിൽ– 1940കളിലും 1990കളിലും– തീവ്ര സാമുദായികതയെ നിരാകരിക്കാനും മാനവികതയെ ഉയർത്തിപ്പിടിക്കാനും ജമാഅത്തെ ഇസ്‌ലാമിക്ക് കഴിഞ്ഞത് അതിന്റെ ആദർശത്തിന്റെ കരുത്തുകൊണ്ടാണ്.

വർഗീയ ഫാഷിസത്തെ, സാമുദായികമായല്ല സാമൂഹികമായാണ് പ്രതിരോധിക്കേണ്ടത് എന്ന് ജമാഅത്ത് ആഹ്വാനം ചെയ്തു. കാരണം വർഗീയ ഫാഷിസം ന്യൂനപക്ഷ സമുദായത്തിന്റെ മാത്രം ശത്രുവല്ല. നമ്മുടെ മതേതരത്വത്തിന്റെയും ഇന്ത്യൻ ജനതയുടെയും ശത്രുവാണ്. സനാതന ഹിന്ദുമതത്തിന്റെ പാരമ്പര്യത്തിന് വിരുദ്ധമാണത്. ബാബരി മസ്ജിദ് തകർക്കപ്പെടും മുമ്പേ രാഷ്ട്രപിതാവും സനാതന ഹിന്ദുവുമായ മഹാത്മാഗാന്ധി കൊല ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മുഴുവൻ ഇന്ത്യയുടെയും ശത്രുവായി വർഗീയ ഫാഷിസത്തെ കാണണമെന്നും എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ചു നിന്ന് വർഗീയതക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കണമെന്നും ജമാഅത്ത് പറഞ്ഞു.

**രണ്ട്: സാമൂഹിക കൂട്ടായ്മകൾ**. ആശയങ്ങൾ അവതരിപ്പിക്കുക മാത്രമല്ല, അവ പ്രായോഗവത്കരിക്കാനുള്ള കർമമാതൃകകളും മതേതര മൂല്യങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ജമാഅത്ത് സമർപ്പിച്ചു. വിവിധ മതക്കാരും സാംസ്കാരിക നായകരും മനുഷ്യാവകാശ പ്രവർത്തകരും ഉൾപ്പെടുന്ന പൊതുവേദികൾ ജമാഅത്ത് രൂപവത്കരിച്ചു. അതിലേറ്റവും പ്രധാനമാണ് എഫ്.ഡി.സി.എ (ഫോറം ഫോർ ഡെമോക്രസി ആന്റ് കമ്യൂണൽ അമിറ്റി). ജസ്റ്റിസ് താർകുണ്ഡെ, ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങൾ നേതൃത്വം നൽകിയ എഫ്.ഡി.സി.എ ജനാധിപത്യ, മതേതരത്വ മൂല്യങ്ങളുടെ സംരക്ഷണത്തിന് ജമാഅത്ത് നൽകിയ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ്. ഇന്ത്യയിലുടനീളം, ചെറിയ ഗ്രാമങ്ങളിൽ പോലും എല്ലാ വിഭാഗക്കാരും ഉൾക്കൊള്ളുന്ന സൗഹൃദ കൂട്ടായ്മകൾ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ രൂപവത്കരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഇത്തരം ധാരാളം സൗഹൃദ കൂട്ടായ്മകളുണ്ട്.

**മൂന്ന്: വർഗീയ പാർട്ടികളെ അധികാരത്തിൽനിന്ന് തടയാനുള്ള നീക്കങ്ങൾ.** ഇന്ത്യൻ മതേതരത്വത്തിന്റെ ശാക്തീകരണത്തിന് ജമാഅത്ത് നൽകിയ പ്രധാന സംഭാവനയാണ്, വർഗീയതയുടെ പ്രണേതാക്കളായ രാഷ്ട്രീയ പാർട്ടികൾ അധികാരത്തിൽ വരുന്നത് തടയാനും താരതമ്യേന മതേതര ചിന്താഗതിയിൽ മുന്നിൽ നിൽക്കുന്നവരെ അധികാരത്തിലേറ്റാനും വേണ്ടി നടത്തിയ രാഷ്ട്രീയ നീക്കങ്ങൾ. ഇപ്പോൾ, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ജമാഅത്ത് ഇടപെടുന്നതിന്റെ മാനദണ്ഡങ്ങളിൽ ഒന്ന്, മത നിരപേക്ഷതയിൽ താരതമ്യേന മുന്നിട്ടുനിൽക്കുന്നവരെ അധികാരത്തിലേറ്റുക എന്നതാണ്. ജമാഅത്തിന്റെ സ്വാധീനത്തിലുള്ള വോട്ട് മതേതര പാർട്ടികൾക്ക് നൽകുകയും ജനങ്ങളോട് അതിന് ആവശ്യപ്പെടുകയും മാത്രമല്ല, മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാനും വർഗീയ പാർട്ടികൾക്കെതിരെ മതേതര കക്ഷികളെ ഒന്നിപ്പിക്കാനും ജമാഅത്ത് ശ്രമം നടത്തുന്നു.

2004–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ, 'ഇന്ത്യ തിളങ്ങുന്നു' എന്ന മുദ്രാവാക്യം ഉയർത്തിയ ബി.ജെ.പി മുന്നണി വീണ്ടും ഭരണത്തിലേറാൻ കൊണ്ടുപിടിച്ച പ്രചാരണങ്ങളാണ് നടത്തിയത്. പക്ഷേ, വിജയിച്ചത് കോൺഗ്രസ് മുന്നണിയായിരുന്നു. അന്ന് ബി.ജെ.പി അധികാരത്തിലേറുന്നത് തടയുന്നതിലും കോൺഗ്രസ് മുന്നണിക്ക് ഭരണം കിട്ടുന്നതിലും ജമാഅത്തിന്റെ രാഷ്ട്രീയ ഇടപെടലുകൾ പങ്കുവഹിച്ചിട്ടുണ്ട്. 2009–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നയം പ്രഖ്യാപിച്ച 410 മണ്ഡലങ്ങളിൽ 223 എണ്ണത്തിലും എൻ.ഡി.എക്കെതിരെ യു.പി.എയെയാണ് ജമാഅത്ത് പിന്തുണച്ചത്. ബാക്കി മണ്ഡലങ്ങളിൽ ഇടതുപക്ഷം ഉൾപ്പെടെയുള്ള മറ്റു മതേതര കക്ഷികളെയും. ജമാഅത്തെ ഇസ്‌ലാമിയെ രണ്ടു തവണ നിരോധിച്ച കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിക്ക്, 223 മണ്ഡലങ്ങളിൽ ജമാഅത്ത് പിന്തുണ നൽകിയത് വർഗീയവാദികൾ അധികാരത്തിലേറിയാൽ ഇന്ത്യൻ മതേതരത്വത്തിന്റെ ഭാവി അപകടത്തിലാകും എന്ന തിരിച്ചറിവുകൊണ്ടാണ്. കോൺഗ്രസ്സിന്റെ പല നയങ്ങളോടും വിയോജിപ്പുണ്ടായിരിക്കെ തന്നെ ജമാഅത്ത് ഇത്തരമൊരു ചരിത്ര നിയോഗം നിറവേറ്റിയത് കേവലം സംഘടനാ താൽപര്യങ്ങളേക്കാൾ രാജ്യ താൽപര്യത്തിനാണ് പ്രസ്ഥാനം മുൻഗണ നൽകുന്നത് എന്നതുകൊണ്ടാണ്.

**നാല്: കലാപങ്ങളുടെ മുറിവുണക്കാനുള്ള ശ്രമങ്ങൾ.** സാമുദായിക സംഘർഷങ്ങളും വർഗീയ ലഹളകളുമുണ്ടാകുമ്പോൾ ഉണർന്ന് പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്‌ലാമി കലാപത്തീയണക്കാനും സംഘർഷങ്ങൾ ലഘൂകരിക്കാനും തീവ്രയത്നം നടത്തുന്നു. ഭരണാധികാരികളും രാഷ്ട്രീയ നേതാക്കളും നിയമപാലകരും സമുദായനേതാക്കളും ഇതിന് വേണ്ടി നടത്തുന്ന നീക്കങ്ങൾക്ക് ക്രിയാത്മക സഹായങ്ങൾ ചെയ്യുന്നു. അധികാരികളും നേതാക്കളും മിക്കപ്പോഴും ജമാഅത്തിന്റെ സഹായം ആവശ്യപ്പെടാറുണ്ട്. കേരളത്തിൽ കണ്ണൂർ, മാറാട്, നാദാപുരം, തിരുവനന്തപുരം ചെറിയ തുറ തുടങ്ങിയ പല പ്രശ്നങ്ങളിലും ജമാഅത്ത് സ്തുത്യർഹമായ ഇടപെടലുകൾ നടത്തുകയുണ്ടായി. രണ്ടാം മാറാട് കലാപത്തെത്തുടർന്ന് മുഖ്യമന്ത്രി എ.കെ ആന്റണി പ്രദേശം സന്ദർശിച്ചപ്പോൾ, അവിടേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു ചില മന്ത്രിമാർക്ക്! എന്നാൽ അതേ സംഘർഷ നാളുകളിൽ അവിടെ കടന്നുചെല്ലാനും കലാപത്തീയണക്കാനും സൗഹൃദാന്തരീക്ഷം പുനസ്ഥാപിക്കാനും കഴിവിന്റെ പരമാവധി ചെയ്യാൻ ജമാഅത്ത് നേതാക്കൾക്ക് കഴിഞ്ഞു. അരയസമാജത്തിലെ സഹോദരന്മാർ, ജമാഅത്ത് നേതാക്കളെ ഹൃദ്യമായി സ്വീകരിക്കുകയും ചർച്ച നടത്തുകയും ചെയ്തു. ആ സന്ദിഗ്ധാവസ്ഥയിൽ ജമാഅത്ത് അവിടെ നിർവഹിച്ച ദൗത്യത്തിന്റെ ആത്മാർഥതയും ക്രിയാത്മകതയും അറിയാവുന്നതുകൊണ്ടാണ് അവർക്കതിന് സാധിച്ചത്. മാറാട് പ്രശ്ന പരിഹാര ചർച്ചകളുടെ അവസാന ഘട്ടം വരെ ജമാഅത്തിന് ഗുണകരമായ പങ്കാളിത്തം നിർവഹിക്കാൻ കഴിഞ്ഞതും അതുകൊണ്ടുതന്നെ. കേരളത്തിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലുമുണ്ടായ ഇത്തരം ദുഃഖകരമായ സംഭവങ്ങളിൽ സമാനമായ ഇടപെടലുകൾ നടത്തിയതിന്റെ അസംഖ്യം ഉദാഹരണങ്ങൾ ജമാഅത്തിന്റെ ചരിത്രത്തിലുണ്ട്.

സംഘർഷങ്ങളുടെ കലുഷിതാന്തരീക്ഷം ഇല്ലായ്മ ചെയ്യാനും മാനവികതയുടെ വിശാല സൗഹൃദങ്ങൾ സൃഷ്ടിക്കാനും സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്താനും വേണ്ടി പല കാമ്പനിയുകളും ജമാഅത്തും പോഷക സംഘടനകളും നടത്തുകയുണ്ടായി. ഇന്ത്യൻ ജനതയെ മതാതീതമായി ഐക്യപ്പെടുത്തുകയെന്നതായിരുന്നു ഈ കാമ്പയിനുകളുടെ ലക്ഷ്യം. 'നാം മനുഷ്യർ നാമൊന്ന്', 'മാനവമൈത്രിക്ക് യുവശക്തി'–കാൾ ടു പീസ്, ഫാഷിസ്റ്റ് വിരുദ്ധ ജനകീയ കൺവെൻഷനുകൾ, ഒരുമ കാക്കാൻ ഉണരുക, സൗഹൃദ കേരളത്തിന് യുവജനാഹ്വാനം തുടങ്ങിയ കാമ്പയിനുകളും മാനവമൈത്രീ സംഗമങ്ങളും ഉദാഹരണം.

**അഞ്ച്: അറിയാനും അടുക്കാനുമുള്ള സംവാദങ്ങൾ.** പരസ്പരം അറിയാതിരിക്കുക, തെറ്റിദ്ധാരണകൾ വളരുക, ദുഷ്പ്രചാരണങ്ങൾ മനസുകളെ സ്വാധീനിക്കുക തുടങ്ങിയവ വർഗീയതയെ ആളിപ്പടർത്തുന്ന ഇന്ധനങ്ങളാണ്. അതുകൊണ്ട് വിവിധ മതവിഭാഗങ്ങൾ തമ്മിൽ അറിയുകയും അടുക്കുകയും ചെയ്യുകയാണ് വർഗീയതയെ പ്രതിരോധിക്കാനും മതസൗഹാർദം ഊട്ടിയുറപ്പിക്കാനുമുള്ള പ്രധാന വഴിയെന്ന് ജമാഅത്തെ ഇസ്‌ലാമി മനസിലാക്കി. വ്യത്യസ്ത മതനേതാക്കളെ ഒരേ വേദിയിൽ അണിനിരത്തിക്കൊണ്ട് ഭിന്ന മതവിശ്വാസികൾ പങ്കെടുക്കുന്ന തുറന്ന സ്നേഹപൂർണമായ ആശയസംവാദങ്ങൾ ജമാഅത്തും പോഷകസംഘടനകളും രാജ്യത്തുടനീളം സംഘടിപ്പിച്ചു. മതാന്തര സംവാദങ്ങളുടെ പുതിയൊരു സംസ്കാരം തന്നെ ഇസ്‌ലാമിക പ്രസ്ഥാനം രാജ്യ

ത്തിന് സംഭാവന ചെയ്തു. വർഗീയതയെ ചെറുക്കാനും മതസൗഹാർദം ശക്തിപ്പെടുത്താനും ഇതേ മാർഗമുള്ളൂ എന്ന് ജമാഅത്ത് തിരിച്ചറിയുകയായിരുന്നു.

മതാന്തര സംവാദം, ഇന്ത്യൻ മതേതരത്വത്തിന്റെ ശാക്തീകരണത്തിന് ജമാഅത്ത് നൽകിയ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ്. കാരണം, മതേതരത്വത്തിന് ആഴത്തിൽ മുറിവേറ്റ ഒരു ഘട്ടത്തിലാണ് ചരിത്ര പ്രാധാന്യമുള്ള ഒരു മതാന്തര സംവാദം ജമാഅത്തെ ഇസ്‌ലാമിയുടെ പോഷക വിഭാഗമായ എസ്.ഐ.ഒ നടത്തിയത്. 1994–ൽ തൃശൂരിൽ നടന്ന ഹിന്ദു മുസ്‌ലിം ഡയലോഗായിരുന്നു അത്. പിന്നീട് വ്യാപകമായി സംഘടിപ്പിക്കപ്പെട്ട ഒന്നായിരുന്നു സ്നേഹസംവാദങ്ങൾ. മതസമൂഹങ്ങൾ തങ്ങളുടേതായ വൃത്തങ്ങൾ വളച്ചുകെട്ടി അതിനകത്ത് ഒതുങ്ങിക്കൂടുകയും ചോദ്യങ്ങളും അന്വേഷണങ്ങളും മറ്റുള്ളവരെക്കുറിച്ച് അറിയലുമൊന്നുമില്ലാതെ മതം സ്വന്തം അറകളിൽ പരിമിതമാവുകയും ചെയ്യുമ്പോൾ ഫാഷിസത്തിന്റെ പ്രജനനശേഷി വർധിക്കുന്നു. ഇതിന്റെ സാധ്യതകളെയാണ് ഇത്തരം സംവാദങ്ങൾ അടച്ചു കളയുന്നത്

### രാജ്യസുരക്ഷയും പരമാധികാരവും

രാജ്യത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യവും രാഷ്ട്രീയ പരമാധികാരവും ആഭ്യന്തരസുരക്ഷയും സാംസ്കാരികത്തനിമയും സംരക്ഷിക്കാനും അവയെ തകർക്കുന്ന പുത്തൻ സാമ്രാജ്യത്വാധിനിവേശത്തെ പ്രതിരോധിക്കാനും ജമാഅത്തെ ഇസ്‌ലാമി സജീവമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. അതിപ്പോഴും അഭംഗുരം തുടരുന്നു. നമ്മുടെ സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവും, സമ്പത്തും വിഭവങ്ങളും സാമ്രാജ്യത്വ ശക്തികൾക്ക് തീറെഴുതിക്കൊടുക്കുന്ന ഭരണകൂട നയങ്ങൾക്കെതിരെയും ഈ നാടിനെ വീണ്ടും അടിമയാക്കി ചൂഷണം ചെയ്യാനുള്ള കൊളോണിയൽ കുതന്ത്രങ്ങൾക്കെതിരെയും നിരന്തരം പോരാടിക്കൊണ്ടിരിക്കുകയാണ് പ്രസ്ഥാനം. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. എന്നല്ല, പ്രസ്ഥാനത്തിന്റെ ഏതാണ്ടെല്ലാ പ്രവർത്തനങ്ങളിലും സാമ്രാജ്യത്വ വിരുദ്ധത ഉൾച്ചേർന്നിട്ടുമുണ്ട്.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കച്ചവട കരാറുകൾ ഉൾപ്പെടെയുള്ള കുതന്ത്രങ്ങളിലൂടെയാണ് ബ്രിട്ടൻ ഇന്ത്യ കീഴടക്കിയത്. പതിറ്റാണ്ടുകൾ നീണ്ട സമരങ്ങളിലൂടെ നാം നമ്മുടെ സ്വാതന്ത്ര്യം നേടിയെടുത്തു, 1947 ൽ. 1950 ജനുവരിയിൽ നമ്മുടെ രാജ്യം ഒരു 'സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കാ'യി പ്രഖ്യാപിക്കപ്പെട്ടു. ഈ 'സ്വതന്ത്ര പരമാധികാരം' തങ്ങൾക്ക് തീറെഴുതിക്കിട്ടാനുള്ള തന്ത്രങ്ങളാണ് പിന്നീട് സാമ്രാജ്യത്വം പയറ്റിയത്. 1990കളിൽ വർഗീയത ശക്തിപ്പെട്ട കാലത്തുതന്നെയാണ് പുത്തൻ സാമ്രാജ്യത്വ അധിനിവേശവും സജീവമായത്. ഒരർഥത്തിൽ സാമ്രാജ്യത്വാധിനിവേശത്തിന്റെ വാഹനമായിരുന്നു വർഗീയ ധ്രുവീകരണം. ഭിന്നിപ്പിച്ചു ഭരിക്കൽ എന്നും അവരുടെ തന്ത്രമാണല്ലോ. കച്ചവടക്കരാറുകൾ, അന്താരാഷ്ട്ര ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകൾ, കാർഷിക കരാറുകൾ, തുറന്ന കമ്പോളം, ആയുധ–ആണവ കരാറുകൾ, സൈനിക മേഖലയിലെ സഹകരണം തുടങ്ങി നിരവധി കാണാചരടുകളുള്ള പദ്ധതികളിലൂടെ നമ്മുടെ രാജ്യത്തെ കെണിയിൽ വീഴ്ത്തുകയായിരുന്നു സാമ്രാജ്യത്വ തന്ത്രം. ആഗോളവൽക്കരണം, ഉദാരവൽകരണം തുടങ്ങിയ ഓമനപ്പേരുകളിലാണ് സാമ്രാജ്യത്വം കടന്നുവന്നത്. എം.എം.എഫ്, ലോകബാങ്ക്, എ.ഡി.ബി തുടങ്ങിയവയുടെ വായ്പാനിബന്ധനകൾ, ലോകവ്യാപാര സംഘടന (ഡബ്ലിയു.ടി.ഒ)യിലെ അംഗത്വവും അതുവഴിയുള്ള വിധേയത്വവും, ഗാട്ട് കരാർ, സി.ടി.ബി.ടി (Comprehensive Test Ban Treaty) കരാർ തുടങ്ങി ഏറ്റവും ഒടുവിലത്തെ ആണവ കരാർ വരെയുള്ളവ അടിമവൽകരണത്തിന്റെ വഴികളായിരുന്നു. ഐ.എംഎഫ്, ലോകബാങ്ക് എന്നിവയിൽനിന്ന് കടംകിട്ടാൻ നമ്മുടെ ഭരണാധികാരികൾ അംഗീകരിച്ച നിബന്ധനകൾ, 1994ൽ മൊറോക്കോയിൽ നടന്ന ലോക വ്യാപാര സംഘടനയുടെ സമ്മേളനത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് ഒപ്പുവെച്ച 27 കരാറുകൾ, ഗാട്ട് കരാറിലെ ട്രിപ്സ് ഉടമ്പടി, ആണവകരാറിന്റെയും അതിന്റെ ഭാഗമായ 1 2 3 എഗ്രിമെന്റിന്റെയും വ്യവസ്ഥകൾ തുടങ്ങിയവയിൽ പലതും ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ സാമ്രാജ്യത്വ കഴുകർക്ക് ഒറ്റുകൊടുക്കുന്നതും ജനാധിപത്യ–റിപ്പബ്ലിക്കൻ ഘടനയെ നിരാകരിക്കുന്നതുമായിരുന്നു. പ്രത്യേക കരാറുകളൊന്നുമില്ലാതെ സാംസ്കാരിക രംഗത്ത് സാമ്രാജ്യത്വം നടത്തുന്ന അധിനിവേശം ഇതിലേറെ ഭീകരമാണ്. മനുഷ്യനെ ശാരീരികമായല്ല, മാനസികമായാണ് പുത്തൻ കൊളോണിയലിസം കീഴടക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയും പോഷക സംഘടനകളും അഭിനവ സാമ്രാജ്യത്വത്തിന്റെ ഇത്തരം കടന്നുകയറ്റങ്ങൾക്കെതിരെ ഇന്നലെകളിൽ നടത്തിയിട്ടുള്ളതും ഇപ്പോഴും തുടരുന്നതുമായ പോരാ

ട്ടങ്ങൾ തുല്യതയില്ലാത്തതാണ്. മനുഷ്യരുടെ എല്ലാ അർഥത്തിലുമുള്ള സ്വാതന്ത്ര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനം, രാജ്യത്തെ ഒറ്റുകൊടുക്കാനുള്ള തൽപരകക്ഷികളുടെ ശ്രമത്തിനെതിരെ ജാഗ്രതയോടെ നിലകൊള്ളുകയും, ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു. സാമ്രാജ്യത്വ വിരുദ്ധതയെ ജനകീയവൽകരിക്കുന്നതിൽ ജമാഅത്ത് വഹിച്ച പങ്ക് വളരെ വലുതാണ്. ആണവകരാർ, സി.ടി.ബി.ടി, ഗാട്ട് തുടങ്ങിയ കരാറുകളിലെ അപകടങ്ങൾ ജമാഅത്ത് ചൂണ്ടിക്കാണിച്ചതും ജനങ്ങളോടൊപ്പം അവക്കെതിരെ സമരം ചെയ്തതും അവ ഇന്ത്യയെ പലനിലക്കും അപകടത്തിലാക്കും എന്നതുകൊണ്ടാണ്. അമേരിക്കയും ഇസ്രയേലും മറ്റുമായി അതിർകവിഞ്ഞ ചങ്ങാത്തവും സഹകരണവും കരാറുകളും സ്ഥാപിക്കുന്നതിനെ പ്രസ്ഥാനം ശക്തമായി എതിർത്തുകൊണ്ടിരിക്കുന്നതും ഇന്ത്യയുടെ സുരക്ഷിതത്വത്തിന് അത് കടുത്ത ഭീഷണിയാണെന്ന തിരിച്ചറിവിൽനിന്നാണ്. ജമാഅത്തിന്റെ ഭീതി എത്രത്തോളം സത്യമാണെന്നതിന്റെ ഞെട്ടിക്കുന്ന അനുഭവമാണ് മുംബൈ ഭീകരാക്രമണത്തിൽ അമേരിക്കൻ പൗരൻ ഡേവിഡ് ഹെഡ്‌ലിയുടെ പങ്കാളിത്തവും തുടർ സംഭവങ്ങളും. 'ഭീകരത'ക്കെതിരെ യുദ്ധം പ്രഖ്യാപിച്ച, നമ്മുടെ രാജ്യവുമായി പലകരാറുകളും സൗഹൃദങ്ങളുമുള്ള അമേരിക്ക ഇന്ത്യയിലുണ്ടായ ഭീകരാക്രമണത്തിന്റെ സൂത്രധാരകരിലൊരാളായ ഡേവിഡ് ഹെഡ്‌ലിയെ നമുക്ക് വിട്ടുതരികയോ ചോദ്യം ചെയ്യാൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല എന്നതിന്റെ പൊരുളെന്താണ്! മുംബൈ ഭീകരാക്രമണത്തിൽ അമേരിക്കൻ ചാരസംഘടന സി.ഐ.എയുടെ പങ്കും സംശയിക്കപ്പെടുന്നുണ്ടല്ലോ. രാജ്യരക്ഷയെത്തന്നെയാണ് സാമ്രാജ്യത്വം അപകടത്തിലാക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തം. ഇത്തരം വിഷയങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയും സാമ്രാജ്യത്വ വിരുദ്ധ സംഘടനകളും നൽകിയ മുന്നറിയിപ്പുകൾ അസ്ഥാനത്തായിട്ടില്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

ജമാഅത്തെ ഇസ്‌ലാമി, എസ്.ഐ.ഒ സോളിഡാരിറ്റി, ജി.ഐ.ഒ, ജമാഅത്ത് വനിതാ വിഭാഗം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ പ്രസ്ഥാനം ഈ രംഗത്ത് രാജ്യത്തിന് നൽകിയ സംഭാവനകൾ വളരെ വലുതാണെന്ന് മനസിലാക്കാം. പ്രത്യക്ഷ സമരങ്ങൾ, പ്രസംഗം, എഴുത്ത്, ബോധവൽകരണ കാമ്പയിനുകൾ, തെരഞ്ഞെടുപ്പ് നയങ്ങളിലെയും മറ്റും സ്വീകരിക്കുന്ന സാമ്രാജ്യത്വ വിരുദ്ധ സമ്മർദ തന്ത്രങ്ങൾ തുടങ്ങിയ ബഹുമുഖ പരിപാടികൾ ഈ രംഗത്ത് പ്രസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്കാരമോ സർവനാശമോ' കാമ്പയിൻ 'സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പിന്' യുവജനമുന്നേറ്റം, 'മുതലാളിത്തം വലിച്ചെറിയുക' കാമ്പയിൻ, ആണവകരാർ ഉൾപ്പെടെയുള്ള പല ഉടമ്പടികൾക്കുമെതിരെ അതത് സന്ദർഭങ്ങളിൽ ദേശവ്യാപകമായി നടത്തിയ വമ്പിച്ച പ്രതിരോധങ്ങൾ, തെരഞ്ഞെടുപ്പുകളിൽ ഇത്തരം വിഷയങ്ങൾ മുഖ്യചർച്ചയായി ഉയർത്തിക്കൊണ്ടു വന്നതും അതിലൂടെ തെറ്റായ നയങ്ങൾ തുടർന്നുവന്ന രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ താക്കീതും ചില തുമാത്രം. 'സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പിന്' എന്ന തലക്കെട്ടിൽ നടത്തി യുവജനമുന്നേറ്റം ഈ വിഷയത്തിൽ രാജ്യം കണ്ട ഏറ്റവും മികച്ച പ്രക്ഷോഭങ്ങളിലൊന്നായിരുന്നു. ഈ വിഷയത്തിൽ പ്രസ്ഥാനം പാസാക്കിയ പ്രമേയങ്ങളും നടത്തിയ പ്രസ്താവനകളും മറ്റും പരിശോധിച്ചാൽ എത്രമാത്രം ചടുലമായാണ് ഈ രംഗത്തെ ഇടപെടൽ എന്ന് മനസിലാക്കാം. 'നിങ്ങളെന്തിനാണ് സാമ്രാജ്യത്വത്തെയും മുതലാളിത്തത്തെയുംകുറിച്ച് ഇത്രയേറെ സംസാരിക്കുന്നതെന്ന്' പലരും പ്രസ്ഥാനത്തോട് ചോദിക്കാറുണ്ട്. രാജ്യത്തിന്റെയും ജനങ്ങളുടെയും സ്വാതന്ത്ര്യത്തിലും ക്ഷേമത്തിലും സുരക്ഷിതത്വത്തിലും പ്രസ്ഥാനത്തിന് അത്രയേറെ ജാഗ്രതയുള്ളതുകൊണ്ട് എന്നാണതിന് മറുപടി. ഈ ചോദ്യം തന്നെ അതിന്റെ തെളിവാണല്ലോ.

ഇന്ത്യൻ സമൂഹത്തിന്റെ സുസ്ഥിരമായ നിലനിൽപും ശോഭനമായ ഭാവിയും ലക്ഷ്യംവെച്ച് ഇത്രയും വൈവിധ്യമുള്ള അജണ്ടകളോടെ ഇടപെടുന്ന, ഇസ്‌ലാമിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു സംഘടനയും രാജ്യത്തില്ല. നമ്മുടെ സ്വാതന്ത്ര്യവും സുരക്ഷിതത്വവും ജനാധിപത്യവും മതേതര മൂല്യങ്ങളും കൈവിട്ടു പോകാതെ കാത്തു രക്ഷിക്കാൻ ജമാഅത്ത് ഇന്നലെകളിൽ നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ നാളെയും തുടരുകതന്നെ ചെയ്യും. ■

(അവസാനിച്ചു)